# കോൺഗ്രസ് പാർട്ടിയുടെ പുതിയ മുദ്രാവാക്യം: 'ഞാനല്ല അമ്മയാണ് പ്രധാനം'

**അരുൺ ജയ്റ്റ്ലി**
പ്രതിപക്ഷ നേതാവ്, രാജ്യസഭ

ഒരു പ്രമുഖ വാർത്താചാനൽ ഇന്നലെ അവരുടെ അഭിപ്രായ വോട്ടെടുപ്പിന്റെ ഫലം പ്രഖ്യാപിച്ചു. ഈ ഫലമനുസരിച്ച് ബി.ജെ.പിക്ക് 226 സീറ്റും എൻ.ഡി.എ.യ്ക്ക് ഭൂരിപക്ഷത്തിനു വേണ്ടുന്ന 275 സീറ്റും കിട്ടുമെന്നായിരുന്നു പ്രഖ്യാപനം. ഈ ഫലം വരാൻ പോകുന്ന തിരഞ്ഞെടുപ്പു പ്രവണതയെ കാണിക്കുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. ഓരോ തിരഞ്ഞെടുപ്പു ഘട്ടം അടുക്കുംതോറും ചിത്രം വളരെ വ്യക്തമാകുന്നുണ്ട്. രണ്ടു പ്രവണതകളാണ് വ്യക്തമായി വരുന്നത്. ഒന്ന്, കോൺഗ്രസിനോടുള്ള അമർഷവും മറ്റൊന്ന് നരേന്ദ്രമോദിയിലുള്ള പ്രതീക്ഷയും. എന്റെ അഭിപ്രായത്തിൽ തിരഞ്ഞെടുപ്പുഫലം പ്രവചനങ്ങളെക്കാൾ ബി.ജെ.പിക്ക് അനുകൂലമായിരിക്കും എന്നാണ്.

കോൺഗ്രസ് വീണ്ടും വീണ്ടും പിന്നിലേക്ക് പോകുകയും അതിന്റെ പ്രചാരണം മോശമായി വരികയുമാണ്. അതിന്റെ പ്രചാരണം അവ്യക്തവും കുഴപ്പത്തിലാക്കുന്നവയുമാണ്. ഇന്നലെ കോൺഗ്രസ് പാർട്ടി അതിന്റെ പ്രചാരണരീതിക്ക് മാറ്റം വരുത്തി. പരസ്യങ്ങളെ പിന്നിൽ നിർത്തിക്കൊണ്ട് രാഹുൽഗാന്ധി പ്രചാരണം നയിക്കാൻ തുടങ്ങി. പ്രചാരണത്തിന്റെ മുന്നിൽ സോണിയാഗാന്ധിക്കും സ്ഥാനമുണ്ട്. ടെലിവിഷൻ ചാനലുകളിൽ പ്രത്യക്ഷപ്പെട്ട് അവർ പ്രചാരണം ആരംഭിച്ചുകഴിഞ്ഞു.

കോൺഗ്രസ് പാർട്ടിയുടെ നൈരാശ്യം വളരെ വ്യക്തമാണ്. രാഷ്ട്രീയ നേതാക്കളുടെ പ്രസ്താവനകളും അഭിമുഖങ്ങളും പത്രപ്രസ്താവനകളും മാധ്യമങ്ങളിൽ തുടരെത്തുടരെ പ്രത്യക്ഷപ്പെടുന്നുണ്ട്. തന്റെ പ്രസ്താവന ജനങ്ങളിൽ എത്തിക്കാൻ കോൺഗ്രസ് പ്രസിഡന്റിന് ടെലിവിഷനിൽ സമയം ലഭിക്കാൻ ബുദ്ധിമുട്ടൊന്നുമില്ല. ഇതിന്റെ പ്രധാന ആശയം വ്യക്തമാണ്. പാർട്ടിയുടെ പ്രധാന വക്താവായി അമ്മ മാറിയിരിക്കുന്നു. ഇത് രാഹുൽഗാന്ധിയിലുള്ള വിശ്വാസം കുറഞ്ഞു എന്നാണ് വ്യക്തമാക്കുന്നത്. കാരണം അദ്ദേഹത്തിന്റെ പ്രസംഗങ്ങൾക്ക് ജനങ്ങൾക്കിടയിൽ യാതൊരു സ്വാധീനവും ചെലുത്താൻ കഴിയുന്നില്ല എന്നതുതന്നെ. ടെലിവിഷൻ വഴിയുള്ള ഇവരുടെ സന്ദേശങ്ങൾ തിരഞ്ഞെടുപ്പിനെ ഒരിക്കലും ബാധിക്കില്ല. വിലവർദ്ധനവ്, സമ്പദ്‌വ്യവസ്ഥയുടെ പിന്നോക്കാവസ്ഥ, അഴിമതി, പ്രധാനമന്ത്രിയുടെ ഓഫീസിലെ കെടുകാര്യസ്ഥത തുടങ്ങിയവ ഭാരതത്തിന്റെയോ ഹിന്ദുസ്ഥാന്റെയോ ഭാഗമാകില്ല. ഇന്നലെ ടെലിവിഷനിൽ സോണിയാഗാന്ധി നൽകിയ സന്ദേശത്തിൽ നിന്നും കോൺഗ്രസ് പാർട്ടിയുടെ പുതിയ മുദ്രാവാക്യം ഇതാണ്: "ഞാനല്ല, അമ്മയാണ് പ്രധാനം."